# SHGHS RAMAPURAM



# വിരൽത്തുമ്പിൽ

2018-19

## എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ് എഡിറ്റർ | : സി. മേഴ്സി മൈക്കിൾ (ഹെഡ്മിസ്ട്രസ്) |
| സ്റ്റാഫ് എഡിറ്റേഴ്സ് | : സി. ബിന്ദു സെബാസ്റ്റ്യൻ<br>ശ്രീമതി. ജീന സി. കണ്ടത്തിൽ |
| സ്റ്റുഡന്റ് എഡിറ്റർ | : ഗോപിക രാജീവ് |
| അസോസിയേറ്റ് എഡിറ്റേഴ്സ് | : അനുദ്ര ഉല്ലാസ്<br>അനുമോൾ ജെസ്റ്റിൻ<br>അലീന ലിജോ<br>അനിറ്റ് മരിയ ബെന്നി |
| സ്റ്റുഡന്റ് മെമ്പേഴ്സ് | : അലീന ജോബി<br>അഞ്ചന സണ്ണി<br>ആൽഫാ റെജി<br>ദിയ മരിയാ ജോയി<br>ട്വിങ്കിൾ സുരേന്ദ്രൻ<br>ശ്രീലക്ഷ്മി എസ്. നായർ<br>ജെവിൻ ജോർജ്ജി<br>ഹരിപ്രിയ കെ. പി<br>മീര കെ.രാജൻ<br>ജിസ്മി ജോയി<br>ആൻമരിയാ ജോഷി |

# ആശംസ



അറിവ് ആർജ്ജിക്കാനുള്ള അന്വേഷണമാണല്ലോ വിജ്ഞാനദാഹം . സാങ്കേതിക വിദ്യയുടെ കടന്നുവരവോടെ വിദ്യാർത്ഥികളുടെ അന്വേഷണ വീഥികൾ വിശാലമായ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തു കയാണ് ആധുനിക മനുഷ്യർ. ഡിജിറ്റൽ യുഗത്തിലേക്ക് കുതിച്ചുപ്പായുമ്പോൾ അതിന്റെ കിരണങ്ങൾ വിദ്യാഭ്യാസത്തിന്റെയും - വിദ്യാർത്ഥികളുടെയും ഉള്ളിൽ പുതുമയുടെ വസന്തം വിരിയിക്കുകയാണ്.പുതത-
ലമുറയിൽ ഒരു വലിയ വിഭാഗം വിവരവിനിമയ സംവേദന ഉപകരണങ്ങളെ ഉപയോഗിക്കുന്നവരാണെങ്കിലും ഈ രംഗത്തെ പ്രഗൽഭരെ കണ്ടെത്താനും അവരുടെ കലാഭിരുചികളെ പരിപോഷിക്കുവാനും സഹായകമാണ് ഇത്തരം പ്രവർത്തനങ്ങൾ.

പുതുമകൾ ഉൾപ്പെടുത്തി വർണങ്ങളുടെ വിസ്മയം തീർത്ത് വ്യത്യസ്തതയുടെ പുതുവീഥികൾ ഒരുക്കി വിദ്യാർത്ഥികൾ ഒരുക്കിയിരിക്കുന്ന “വിരൽത്തുമ്പിൽ” എന്ന ഈ ഡിജിറ്റൽ മാഗസിൻ വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് പുതിയ കാൽവയ്പ്പാകുവാനും, ഈ രംഗത്തെ വിദ്യാസങ്കേതങ്ങൾ ആഴത്തിലും പരപ്പിലും സ്വായത്തമാക്കുവാനുമുള്ള വാതിലാകട്ടെ എന്ന് ആശംസിക്കുകയും അതോടൊപ്പം ഈ വിരൽത്തുമ്പ് പിടിച്ച് അക്ഷരത്തിന്റെയും അറിവിന്റെയും അനന്തവിഹായുസിലേക്ക് പറന്നുയരാനുള്ള എല്ലാ പ്രോൽസാഹനങ്ങളും നേരുകയും ചെയ്യുന്നു .

സ്നേഹപൂർവ്വം,

സ്കൂൾ ഹെഡ്മിട്രസ്

സി . മേഴ്സി മൈക്കിൾ

# Table of Contents

ആശംസ.....2
എഡിറ്റോറിയൽ.....4
വായനാശീലം കുട്ടികളിൽ.....8
കള്ളന്റെ നന്മ.....9
മാലിന്യമുക്ത കേരളം എന്റെ സ്വപ്നം.....10
രണ്ടു കവിതകൾ.....14
നിങ്ങൾക്ക് അറിയാമോ.........?.....15
പിച്ചക്കാരൻ.....21
ഉപചാരങ്ങൾ എന്തിനുവേണ്ടി?.....22
പഴഞ്ചൊല്ലുകൾ.....24
*ഗാന്ധിജി എന്ന മഹാത്മാ ഗാന്ധി.....25*
അച്ചടക്കം.....26
നിഴൽ രൂപങ്ങൾ.....28
DO IT NOW.....30
Science in everyday life.....32
IMPORTANCE OF ENGLISH IN THE WORLD.....33
A GAME.....34
TEACHER'S DAY.....35
THREE THINGS.....36
A RACE FOR LIFE.....37
*ANSWERS*.....40
SOUND PERSONAL RELATIONSHIPS.....41

# എഡിറ്റോറിയൽ



**ഗോപിക രാജീവ്**

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ കുറച്ചൊന്നുമല്ല മാറ്റിമറിച്ചത്. സ്വയം പഠിക്കുകയും ഒപ്പം പാഠ്യവിഷയത്തിൽ അവബോധവും താത്പര്യവും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയാന്തരീക്ഷത്തിൽ തന്നെ സാധ്യമാക്കുന്നത് ഇത്തരുണത്തിൽ അത്യാവശ്യമാകുന്നു. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്കുവഹിക്കാനാകും എന്ന ബോധ്യത്തിൽനിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വിഗ്ധവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന് രൂപം നല്കിയത്. നമ്മുടെ ഈ കൊച്ചുവിദ്യാലയത്തെ ക്ലാസ്സുറികൾ ഹൈടെക്ക് ആക്കി അന്താരാഷ്ട്യനിലവാരത്തിലേക്ക് ഉയർത്തിയതിനേടൊപ്പം കുട്ടികളെ ഐ.ടി മേഖലയിലയിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റാൻ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന് കഴിഞ്ഞിട്ടുണ്ട്.

കഥകളും, കവിതകളും താളുകളിൽ ഇടം പിടിക്കുമ്പോഴാണ് മാഗസിൻ പൂർത്തിയാകുന്നത്. വിദ്യാർത്ഥികൾ കലാകായിക രംഗത്തെന്നതുപോലെ ഐ.ടി മേഖലകളിലും കൂടുതൽ ഉയർന്നു എന്നതിന്റെ തെളിവാണ് ഈ സ്കൂൾ ഡിജിറ്റൽ മാഗസിൻ. ശാസ്ത്ര സാങ്കേതിക പഠനങ്ങൾക്ക് ഊന്നൽ നൽകുന്ന ആധൂനിക യുഗത്തിൽ വിദ്യാർത്ഥികളുടെ സർഗ്ഗാത്മക വാസനകൾ അവതരിപ്പിക്കാനുള്ള ഒരു നല്ല വേദിയാണ് സ്കൂൾ മാഗസിൻ. നമ്മുടെ ഈ കൊച്ചു വിദ്യാലയത്തിലെ വലിയ കലാകാരികൾക്ക് അവരുടെ രചനാപരമായ കഴിവുകളും ആശയങ്ങളും പ്രകടമാക്കുവാൻ ഈ മാഗസിനിലൂടെ കഴിഞ്ഞിട്ടുണ്ടെന്ന് ഞാൻ കരുതുന്നു. പഠനത്തോടൊപ്പം തന്നെ തങ്ങളുടെ ഇത്തരം കഴിവുകൾക്കായി സമയം കണ്ടെത്തി ഇതിൽ രചനകൾ എഴുതിയ എല്ലാ കൂട്ടുകാർക്കും എന്റെ നന്ദി അറിയിക്കുന്നതിനോടൊപ്പം ഈ മാഗസിന്റെ വിജയത്തിനുവേണ്ട എല്ലാ പിന്തുണകളും നല്കിയ സ്കൂൾ ഹെഡ്മിസ്ട്രസ് സി.മേഴ്സി മൈക്കിളിനെയും കൂടെനിന്ന് പ്രോഹത്സാഹിപ്പിച്ച അധ്യാപകരെയും നന്ദിയോടെ സ്മരിക്കുന്നു.

# അവസരങ്ങളുടെ അനന്തസാധ്യതകളുമായി ലിറ്റിൽ കൈറ്റ് കൂട്ടിക്കൂട്ടം

ശ്രീ. ജോബി തോമസ് - അദ്ധ്യാപകൻ



പൊതുവിദ്യലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ നൂതന കർമ്മ പദ്ധതികളുമായി സംസ്ഥാന വിദ്യാഭ്യസവകുപ്പ് മുന്നോട്ട് കാലഘട്ടമാണല്ലൊ ഇത് . ക്ലാസ്സ് മുറികൾ ഹൈടെക് ആകുന്നതിനൊപ്പം അതിവേഗം കുതിച്ചുപായുന്ന സൈബർയുഗത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ശേഷിയുള്ള ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് 'ലിറ്റിൽ കൈറ്റ് ' രൂപികൃതമായത് . I .T. മേഖലയിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് തീവ്രപരിശീലനം നൽകുകവഴി രാജ്യത്തിന് മുതൽക്കൂട്ടായി മാറുന്ന ഒരു പൗരസമൂഹത്തെ കെട്ടിപ്പടുക്കു വാൻ ഈ ക്ലബ്ബിന് കഴിയുമെന്നതിൽ തർക്കമില്ല . വ്യക്തമായ പരിശീലന പദ്ധതിയും ചിട്ടയായ പരിശീലന പരിപാടികളും വഴി കുട്ടികളെ I .T. രംഗത്ത് പ്രാവീണ്യമുള്ളവരാക്കി മാറ്റുവാൻ Little Kite നടത്തുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ് .

വിദ്യാർത്ഥികളിൽ ആത്മവിശ്വാസം വളർത്തുവാനും ആനിമേഷൻ , Publishing , മൊബൈൽ ആപ്പ് നിർമ്മാണം , റോബോട്ടിക്സ് , സൈബർ ,സേഫ്റ്റി ,ഇലക്ട്രോണിക്സ് തുടങ്ങിയ മേഖലകളിലും , Videography , Photography , സുരക്ഷിതമായ ഇന്റർനെറ്റ് ഉപയോഗംഎന്നിവയിലും വൈദഗ്ധ്യം നേടുവാൻ ക്ലബ് അംഗങ്ങൾക്ക് ലഭിക്കുന്ന പരിശീലനം എടുത്തു പറയത്തക്കവിധമാണ് .

ഈ ക്ലബിലൂടെ ലഭിക്കുന്ന പരിശീലനംകുട്ടികൾക്ക് മാത്രമല്ല അവരിലൂടെ മാതാപിതാക്കളിലേയ്ക്കും ,പൊതുജനങ്ങളിലേയ്ക്കും എത്തുമ്പോഴാണ് ഇത് അർത്ഥവത്താകുക . കുട്ടികളിലൂടെ അറിവുകളും, സാങ്കേതികപരിജ്ഞാനവും പങ്കുവയ്ക്കപ്പെടുമ്പോൾ അത് വലിയൊരു മുന്നേറ്റമായി മാറുന്നു .

അറിവും ആർജ്ജവവുമുള്ളവരായി വളർന്നു വരുവാൻ കുട്ടികൾക്ക് അവസരമൊരുക്കുന്ന അനന്യമായ ഈ I .T. മുന്നേറ്റത്തിൽ പങ്കാളികളാകുന്ന S .H .G .H .S – ലെ കൊച്ചുമിടുക്കികളുടെ എല്ലാ പ്രവർത്തനങ്ങളും എല്ലാവിധ നന്മകളും ആശംസിക്കുന്നു .

# സ്വതന്ത്ര സോഫ്റ്റ് വെയർ

ആൻമരിയ രാജു

മനുഷ്യ ജീവിതത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച കണ്ടുപിടുത്തമായിരുന്നു കംമ്പ്യൂട്ടറിന്റേത് ഒരുപാട് സങ്കീർണവും സമയച്ചിലവുമുള്ളതുമായ കാര്യങ്ങൾ ഞൊടിയിടയിൽ ചെയ്തുതീർക്കാൻ ശാസ്ത്രസാങ്കേതിക നേട്ടങ്ങളിൽ വിസ്മരിക്കാൻ ആവാത്ത പങ്ക് ഈ യന്ത്രം വഹിച്ചിട്ടുണ്ട്. എല്ലാ മേഖലകളിലും കമ്പ്യൂട്ടറിന്റെ ഉപയോഗം വ്യാപകമായതോടെ കോടിക്കണെക്കിന് ബില്യൺ ഡോളറുകളുടെ ക്രായവിക്രയം നടത്തുന്ന അന്താരാഷ്ട്ര വ്യാവസായമായി കമ്പ്യൂട്ടർ വളർന്നു. ആപ്പിളും മൈക്രോസേഫ്റ്റും പോലെയുള്ള ആഗോള ഭീമാകാരൻമാരായ ഐ.ടി കമ്പനികൾ സൃഷ്ടിക്കപ്പെട്ടതോടെ ഉയർന്ന ശമ്പളവും മികച്ച ജോലിയും പ്രതീക്ഷിച്ച് നിരവധി ആളുകൾ അത്തരം കമ്പനികളിൽ ജോലിക്ക് ചേർന്നു. സിലിക്കൺവാലിപോലുള്ള ഐ.ടി നഗരങ്ങൾ ലോകത്ത് അങ്ങും ഇങ്ങും മുളച്ച് പൊന്തി.

വിജ്ഞാനം ശക്തിയാണ് , അധികാരമാണ് . എന്നാൽ ഇന്ന് വിജ്ഞാനത്തെ സ്വാർത്ഥലാഭത്തിനായി ചിലർ കയ്യടക്കി വായിക്കുന്ന പ്രവണത എല്ലാ മേഖലകളിലും വർധിച്ചിരിക്കുന്നു. ഇതിന് എതിരെ കംപ്യൂട്ടർ സോഫ്റ്റ് വെയർ മേഖലയിൽ രൂപീകൃതമായ ആഗോളകൂട്ടായ്മാണ് സ്വതന്ത്ര സോഫ്റ്റ് വെയർ കൂട്ടായ്മ . എല്ലാ മേഖലകളിലും സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന്റെ ഗുണങ്ങളെ പറ്റി ജനങ്ങളെ ബോധവത്കരിക്കുന്നതിനായി എല്ലാ വർഷവും 'സോഫ്റ്റ് വെയർ' ആചരിക്കുന്നു. സ്വതന്ത്രമായി ഉപയോഗിക്കുവാനും ഉപയോഗക്രമത്തെക്കുറിച്ച് പഠിക്കാനും അതിൽ മാറ്റം വരുത്താനും യാതൊരു തടസവും ഇല്ലാതെ ആവിശ്യമുള്ള കോപ്പികള് എടുത്ത് വിതരണം ചെയ്യാനും സാധിക്കുന്ന സോഫ്റ്റ് വെയറുകളാണ് സ്വതന്ത്ര സോഫ്റ്റ് വെയറുകൾ.

പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള സ്കൂൾ പഠനങ്ങൾക്ക് ആവശ്യമുള്ള സോഫ്റ്റ് വെയറുകൾ കസ്റ്റമൈസ് ചെയ്ത് എടുക്കുന്നതുവരെ അധ്യാപകരാണ്. സോഫ്റ്റ് വെയർ എന്നത് സൗജന്യം ആണ് എന്ന തെറ്റായധാരണ വെച്ചുപുലർത്തുന്നവർ നമുക്കിടയിലുണ്ട്. 'Free means not free deer but freedom' എന്നാണ് സ്വതന്ത്ര സോഫ്റ്റ് വെയർ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ 'റിച്ചാൾഡ് സ്റ്റാൾമാൻ' തന്നെ പറയുന്നത്. 1 മുതൽ 12 വരയുള്ള എല്ലാ ക്ലാസുകളിലും സ്വതന്ത്ര സോഫ്റ്റ് വെയർ വിദ്യാഭ്യാസം നടപ്പിലാക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറിയത് അഭിമാനിക്കാൻ പറ്റുന്ന ഒരുകാര്യം തന്നെയാണ്.

സ്കൂളുകളിലും ഓഫീസുകളിലും മാത്രമല്ല, വീടുകളിലും പൊതുജനകേന്ദ്രങ്ങളിലും സ്വതന്ത്ര സോഫ്റ്റ് വെയർ ഉറപ്പുവരുത്തിയാൽ മാത്രമേ നമ്മുടെ ലക്ഷ്യം സഫലമാകുകയുള്ളു. ഇതിനായി എല്ലാമേഖലകളിലും സ്വതന്ത്ര സോഫ്റ്റ് വെയർ നാം ഉറപ്പുവരുത്തണം .Little kites club -ന്റെ ആഭിമുഖ്യത്തിൽ എല്ലാ സ്കൂളുകളിലും നടക്കുന്ന സ്വതന്ത്ര സോഫ്റ്റ് വെയർ കൂട്ടായ്മകൾ ഈ ലക്ഷ്യം വച്ചുള്ളതാണ്.

സ്വതന്ത്ര്യത്തിന്റെ ശക്തി എത്രത്തോളം ഉണ്ടെന്ന് സ്വജീവിതത്തിലൂടെ മനസ്സിലാക്കിത്തന്ന ഗാന്ധിജിയുടെ ജന്മദിനത്തോട് അനുബന്ധിച്ചാണ് എല്ലാ വർഷവും 'സ്വതന്ത്ര സോഫ്റ്റ് വെയർ സ്വതന്ത്ര്യദിനം ആചരിക്കുന്നത്. സ്വാതന്ത്ര്യം എന്ന മഹത്തായ ആശയം കേവലം സോഫ്റ്റ് വെയറിലോ, ഹാർഡ് വെയറിലോ പരിമിതപ്പെടുത്താതെ സാധ്യമായ എല്ലാ മേഖലകളിലും പ്രയോഗവത്കരിക്കാനും കൂട്ടായ്മയുടെ ശക്തി ഗുണപരമായ രീതിയിൽ സമൂഹത്തിന്റെ എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ നമുക്കു കഴിയണം. ഇതിനായി പ്രവർത്തിക്കാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

നന്ദി, നമസ്കാരം.

# വായനാശീലം കുട്ടികളിൽ

HELEN SIJO VII B

'പുസ്തകത്തിലുടെ വളരാത്തവൻ വെറും മൃഗമാണ്" എന്നെഴുതികൊണ്ട് പുസ്തകത്തിൻറ മഹത്വം ഷേക്സ്പിയർ ചൂണ്ടിക്കാട്ടുന്നു. മനുഷ്യന്റെ വളർച്ചയിലെ ഒരു പ്രധാന ഘട്ടമാണ് എഴുത്തും വായനയും അഭ്യസിക്കൽ. അങ്ങനെ നേടിയ വിജ്ഞാനത്തിന്റെയും അത് സൃഷ്ടിച്ച വികസനത്തിന്റെയും കഥ പറയുന്നവയാണ് പുസ്തകങ്ങൾ.അവ ചിന്തയുടെ നിറകുടങ്ങളാണ്. ചെറുപ്പത്തിൽതന്നെ വായനാശീലം വളർത്തിയെടുക്കണം. ഇതിന് ഏറ്റവും ഉചിതമായ സമയം വിദ്യാഭാസ കാലമാണ്. വിദ്യാഭ്യാസകാലത്തെ ഗ്രന്ഥപാരായണം പഠനത്തെ പരിപോഷിപ്പിക്കുന്ന തരത്തിലുള്ളതായിരിക്കണം. ശാസ്ത്രീയ കഥകളും ചരിത്രകഥകളുമെല്ലാം ഇതിനുദാഹരണങ്ങളാണ്. വായന ഒരു ചടങ്ങുതീർക്കൽ മാത്രമായി പോകുവാൻ പാടില്ല. എത്ര പുസ്തകം വായിച്ചു എന്നതിലല്ല , വായിച്ച പുസ്തകങ്ങളിൽനിന്ന് എന്തു നേടി എന്നതിലാണ് നാം മൂല്യം കണ്ടത്തേണ്ടത്. വായിച്ചു തീർക്കുകയല്ല , വായിച്ചു പഠിക്കുകയാണ് വേണ്ടത്. വിദ്യാർത്ഥികൾ വളരെ ശ്രദ്ധയോടെ വായിക്കേണ്ട കൃതികളാണ് ജീവചരിത്രങ്ങൾ. മഹാന്മാർ ആ സ്ഥാനത്തേക്ക് കയറുന്നത് എങ്ങനെയാണെന്ന് അതിലൂടെ മനസ്സിലാക്കാൻ നമുക്കു കഴിയും. ജീവിതത്തിൽ ഓരോ അനുഭവവും ഉണ്ടാകുമ്പോഴും അവയെ എങ്ങനെ നേരിടണമെന്ന് അവ പഠിപ്പിക്കും.

ഗ്രന്ഥങ്ങുമായുള്ള സമ്പർക്കം ഒരുവനെ വളരെയധികം സ്വാധീനിക്കുന്നതുകൊണ്ട് അവ സുഹൃത്തുക്കളെപ്പോലെയാണെന്നു പറയാം.ഒരു സുഹൃത്തുമായുള്ള സമ്പർക്കം നമ്മുടെ സ്വഭാവകത്തിൽ സാരമായ മാറ്റമുണ്ടാക്കും.'മുല്ലപൂമ്പൊടിയേറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗന്ദര്യം ' എന്നു പറയുന്നതുപോലെയാണത്. ഗ്രന്ഥങ്ങളും ഇതുപോലെയാണ്. സുഖത്തിലും ദുഃഖത്തിലും നമ്മെ സഹായിക്കുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കൾ. പുസ്തകങ്ങൾ നമ്മെ ഏതു കാലത്തും സഹായിക്കുന്നവയാണ്. അവയെ നമ്മൾ സ്നേഹിച്ചാൽ അവ എക്കാലവും നമ്മെയും സ്നേഹിക്കും. പുസ്തകം വെറുമൊരു സുഹൃത്താണ്.ബുദ്ധിപരമായ വികസനത്തിനെന്നപോലെ, മാനസികമായ വികസനത്തിനും ഗ്രന്ഥപാരായണം സഹായിക്കുമെന്നതിനാൽ അതിന് സഹായകമായ ഗ്രന്ഥങ്ങളും വായിക്കേണ്ടതാണ്.ഏവർക്കും വായനാദിനാശംസകൾ!

# കള്ളന്റെ നന്മ

**അലീന ലിജോ**

കാട്ടിലെ പെരുങ്കള്ളനായിരുന്നു ചിട്ടുക്കുരങ്ങൻ. ഒരു ദിവസം മോഷ്ടിച്ച കുറെ വാഴപ്പഴങ്ങളുമായി അവൻ വരികയായിരുന്നു.അപ്പോഴാണു ചിപ്പിമുയലിന്റെ മാളം കണ്ടത്."ഹയ്യട..... ചിപ്പിയുടെ മാളത്തിൽ എന്തെങ്കിലും തിന്നാൻ കാണും. അതു തട്ടിയെടുക്കാം". അവൻ പതുങ്ങി മാളത്തിൽ കയറി. അവിടെ
ചിപ്പിയുടെ മക്കൾ ഉറങ്ങിക്കിടപ്പുണ്ടായിരുന്നു. ചിട്ടു മാളത്തിൽ പരതി നടക്കുമ്പോഴാണ് ചിപ്പിമുയൽ വന്നത്. പെട്ടെന്ന് ചിട്ടു ഒരിടത്ത് പതുങ്ങി നിന്നു. ചിപ്പിമുയൽ കുഞ്ഞുങ്ങളെ വിളിച്ചുണർത്തി.
"മക്കളേ.... ഇന്ന് ഇതേ കിട്ടിയുള്ളൂ.. ". അവൾ ഒരു ക്യാരറ്റ് കഷ്ണം കുഞ്ഞുങ്ങൾക്കു നൽകി. എന്നാൽ മൂന്നു
കുഞ്ഞുങ്ങളുടെ വിശപ്പ് മാറ്റാൻ ആ ക്യാരറ്റ് പോരായിരുന്നു.അവർ വിശന്നു കരയാൻ തുടങ്ങി. "ദൈവമേ... ഈ പെരുമഴകാരണം ഇവർക്കു കൊടുക്കാൻ ഒന്നും കിട്ടുന്നില്ലല്ലോ..ഞാനിനി എന്തു ചെയ്യും?......" ചിപ്പിമുയൽ സങ്കടപ്പെട്ടു.
അവളും വിശന്ന് തളർന്ന് ഉറങ്ങുന്ന കുഞ്ഞുങ്ങൾക്കരികിൽ കിടന്നുറങ്ങി. ഇതെല്ലാം കണ്ടു നിന്ന ചിട്ടുക്കുരങ്ങിന് സങ്കടം സഹിക്കാനായില്ല. അവൻ കയ്യിലിരുന്ന പഴങ്ങൾ അവിടെ വച്ചിട്ട് പുറത്തേയ്ക്ക് ഓടിപ്പോയി. ഉറക്കമുണർന്ന മുയൽകുഞ്ഞുങ്ങൾ പഴങ്ങൾ തിന്ന് വിശപ്പ് മാറ്റി. അവർ സന്തോഷത്തോടെ ഓടിക്കളിച്ചു. ചിട്ടുക്കുരങ്ങനോ...അവൻ മോഷണമെല്ലാം നിർത്തി മിടുക്കനാകുകയും ചെയ്തു.

# മാലിന്യമുക്ത കേരളം എന്റെ സ്വപ്നം



**ജെനി ജോർജ്ജ് – അദ്ധ്യാപക**

ദൈവത്തിന്റെ സ്വന്തം നാട് എന്നു വിശേഷിക്കപ്പെടുന്ന കേരളം മാലിന്യങ്ങളുടെ സ്വന്തം നാടായി മാറിക്കൊണ്ടിരി ക്കുകയാണ്.മുൻപ് നാം ഉപേക്ഷിക്കുന്ന വസ്തുക്കൾ ഏതെങ്കിലും വിധത്തിൽ പുനരുപയോഗിക്കപ്പെടുകയോ പ്രകൃതിയിൽ അലിഞ്ഞുചേരുകയോ ചെയ്തിരുന്നു. എന്നാൽ ദ്രുതഗതിയിലുള്ള നഗരവത്കരണവും ആഗോളവത്കരണവും മാലിന്യ ബാഹുല്യത്തിന് കാരണമായി ത്തീർന്നിരിക്കുന്നു. നമ്മുടെ പാതയോരങ്ങൾ ഇന്ന് മാലിന്യക്കൂമ്പാരങ്ങളാണ്.കേരളത്തിൽ 95% മാലിന്യവും വലിച്ചെറിയപ്പെടുകയാണ് ചെയ്യുന്നത്. ആശുപത്രികൾ, വ്യവസായ ശാലകൾ,അറുവുശാലകൾ,ഹോട്ടലുകൾ തുടങ്ങിയവയാണ് പ്രധാന മാലിന്യ സ്രോതസ്സുകൾ. ജലത്തിലും വായുവിലുമുള്ള മാലിന്യങ്ങൾ അത്രവേഗം തിരച്ചറിയുവാൻ കഴിയുകയില്ല.

നമ്മുടെ പല ഫാക്ടറികളും അന്തരീക്ഷ ത്തിന്റെ സ്വാഭാവിക സ്ഥിതിയെ മാറ്റിമറിക്കുന്നിടംവരെ എത്തിയിട്ടുണ്ട്.
ചിലത് ഇന്നും വൻ രോഗങ്ങൾ വിതച്ചുകൊണ്ടിരിക്കുന്നു. വായു മലിനീക രണത്തിൽ മോട്ടോർ വാഹനങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. കീടനാശിനികളുടെ പ്രയോഗംമൂലം വായുവും ജലവും മലിന മായിത്തീരുന്നു.

മണ്ണിന്റെ ജൈവഘടനയെ ഏറ്റവും അധികം പ്രതികൂലമായി ബാധിക്കുന്ന വസ്തുവാണ് പ്ലാസ്റ്റിക്ക് എന്ന ഭീകരൻ ഒരിക്കലും മണ്ണിൽ ലയിച്ചുചേരാത്ത തരം മാലിന്യമാണ്. അത് മണ്ണിന്റെ സുഷിരത അടച്ച് ഭാവിയിൽ ഭൂഗർഭ ജലസംഭരണത്തെ തടയും.കനം കുറഞ്ഞ പ്ലാസ്റ്റിക്ക് കവറുകൾ,കുപ്പികൾ,ഫിലിമുകൾ എന്നിവ ഓടകളിലും മലിനജലനിർഗമന ചാലുകളിലും അടിഞ്ഞുകൂടി ഒഴുക്ക് തടസ്സപ്പെടുത്തി പൈപ്പുകൾ പൊട്ടുന്നതിന് കാരണമാകുന്നു. “വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും"എന്ന പഴമൊഴി പോലെ മനസ്സു വെച്ചാൽ മാലിന്യക്കൂമ്പാരങ്ങൾ ഒഴിവാക്കുവാൻ ഒരു പരിധിവരെ സാധിക്കും. അതിന് എല്ലാവ രുടെയും സഹകരണം ആവശ്യമാണ്

ഒരു സമ്പൂർണ മാലിന്യ നിർമ്മാർജ്ജനപദ്ധതിയാണ് നമുക്കിന്ന് വേണ്ടത്.അതിനുള്ള അടിസ്ഥാനസൂത്രവാക്യമാണ് Reduce,Reuse,Recycle,Refuse, Repair. അതായത് കുറയ്ക്കൽ,പുനരുപയോഗം,പനഃചംക്രമണം, തിരസ്കാരം,നന്നാക്കൽ.

Reduce – മാലിന്യമായി അവശേഷിക്കാവുന്ന വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കാൻ ശ്രമിക്കുക.

Reuse – പുനരുപയോഗം എന്ന രണ്ടാം മാർഗ്ഗം അനുസരിച്ച് സാധ്യമായതെന്തും നാം വീണ്ടും വീണ്ടും ഉപയോഗിക്കേണ്ടതാണ്.

Recycle -ലോഹങ്ങൾ,കട്ടികൂടിയ പ്ലാസ്റ്റിക്,ഗ്ലാസ്സ് തുടങ്ങിയവ പുനഃചംക്രമണം ചെയ്ത് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.ഭക്ഷണാവശിഷ്ടങ്ങൾ,പച്ചക്കറി അവശിഷ്ടങ്ങൾ മറ്റു ജൈവാശിഷ്ടങ്ങൾ എന്നിവയെ പരിസരങ്ങളിലേക്ക് വലിച്ചെറിയാതെ ജീർണ്ണിപ്പിച്ച് വളമാക്കി മാറ്റാം.

Refuse -ഒഴിവാക്കാവുന്ന സാധനങ്ങൾ ഒഴിവാക്കാവുന്നതിലൂടെയും നമ്മുക്ക് മാലിന്യങ്ങളുടെ തോത് കുറയ്ക്കാം. ഉദാഹരണം:പ്ലാസ്റ്റിക്ക് കിറ്റുകൾ ഒഴിവാക്കുക.

Repair -ഇലക്ട്രിക്ക് ഇലക്ട്രോണിക്ക് ഉൽപ്പന്നങ്ങൾ കേടുപാടുതീർത്ത് ഉപയോഗിക്കുക.

ഈ പഞ്ചശീലങ്ങളിലൂടെ മാലിന്യങ്ങളുടെ തോത് കുറയ്ക്കുകയും ഉണ്ടാകുന്ന മാലിന്യങ്ങളെ തരം തിരിച്ച് സംസ്കരിക്കുകയും മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആവശ്യകത മനസ്സിലാക്കി പ്രവർത്തിക്കുകയും ചെയ്യാൽ മാലിന്യമുക്ത കേരളം എന്നത് സ്വപ്നത്തേക്കാൾ ഒരു യാഥാർഥ്യം തന്നെ ആക്കി മാറ്റാൻ സാധിക്കും.

# മതസൗഹാർദ്ദം

ഹെലൻ സിജോ VII B

'മതമേതായാലും മനുഷ്യൻ നന്നായാൽ മതി'എന്ന ദർശനം ശ്രീനാരായണഗുരു അവതരിപ്പിച്ചിട്ട് ഒരു നൂറ്റാണ്ട് കഴിഞ്ഞിരിക്കുന്നു.പക്ഷേ അദ്ദേഹം തെളിച്ച പാതയിലൂടെ കടന്നുവന്ന നാം വീണ്ടും വഴിമാറിപ്പോയിരിക്കുക യാണ്. ഇന്ന് ജാതിയും മതവും പല മുഖങ്ങൾ ധരിച്ച് നമ്മുടെ സ്വൈര്യജീവിതം തകർത്തു തുടങ്ങിയിരിക്കുന്നു. മുമ്പത്തേതിലുമുപരി മതചിന്ത നമ്മെ ഗ്രസിച്ചിരിക്കുന്നു.അതിന്റെ പേരിലുള്ള ലഹളകളുടെ എണ്ണം വർധിച്ചിരിക്കുന്നു.വിവേകാനന്ദൻ സൂചിപ്പിച്ച ഭ്രാന്താലയം അക്ഷരാർത്തത്തിൽ ഇന്ന് മടങ്ങിവന്നിരിക്കുന്നു.

മതം വ്യക്തിജീവിതത്തിന്റെ ഭാഗമായിരിക്കേണ്ട ഒന്നാണ്.അത് ഒരുവന്റെ സ്വകാര്യതയാണ്.അവന് സാന്ത്വനം കണ്ടെത്താനുള്ള ഉപാധിയാണത്.ഏതിൽ താൻ ആശ്വാസം കണ്ടെത്തണമെന്നു തീരുമാനിക്കാ നുള്ള സ്വാതന്ത്രം ഒരുവനുണ്ട്.അതുകൊണ്ടു അവനേതു മതവും സ്വീകരിക്കാം.പക്ഷേ,അത് മറ്റൊരുവനിൽ
അടിച്ചേൽപ്പിക്കാനുള്ളതോ മറ്റൊരുവന്റെ വിശ്വാസത്തെ തകർക്കുവാനുള്ളതോ ആകരുത്. മതം വ്യക്തികൾക്കിടയിൽ ഒതുങ്ങിയിരിക്കേണ്ട വിശ്വാസമാണ്, സമൂഹത്തെ ഭരിക്കേണ്ട രാഷ്ട്രതന്ത്രമല്ല. ഇന്ത്യയുടെ കാര്യത്തിൽ ഇക്കാര്യം കൂടുതൽപ്രാധാന്യം അർഹിക്കുന്നു.

ഇന്ത്യക്ക് ഔദ്യോഗിക മതമില്ല. ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ്.ഇവിടെ അന്യന്റെ ആരാധനാസ്വാ തന്ത്ര്യത്തെ തടയാതെ ഏതു മതത്തിനും വളർന്നു വരാവുന്നതാണ്. ഹിന്ദുവും ,മുസൽമാനും ,ക്രൈസ്തവനും, സിക്കുകാരനും ,ബൗദ്ധനും ,ജൈനനുമെല്ലാം ഇവിടെ പരസ്പരം സഹകരിച്ചുകഴിയുന്നു.അതിനാൽ,ഏതെങ്കിലും മതം സാമൂഹ്യ - ജീവിതത്തിൽ,അതിന്റെ നിയമങ്ങളോ കീഴ്വഴക്കങ്ങളോ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതും ഭരണയന്ത്രത്തിൽ കൈകടത്തുന്നതും ഇവിടെ അനുവദിക്കാൻ പാടില്ലാത്തതാണ്. മതത്തിന്റെ തണലിൽ വളരുകയും അധികാരമേറുകയും ചെയ്യുന്ന രാഷ്ട്രീയ സംഘടനകൾ ഇന്ന് ഇന്ത്യയിലുണ്ട്. ഇതിന്റെ ഫലമായി നിരവധി സംഘർഷങ്ങളും നടക്കുന്നുണ്ട്.

മതം രാഷ്ട്രീയത്തെ സ്വാധീനിക്കുന്നതുകൊണ്ട് അധികാരികൾ പലപ്പോഴും പല മതങ്ങളെയും പ്രീണിപ്പിക്കാൻ ശ്രമിക്കാറുണ്ട്.ഇത് സംഘർഷങ്ങൾക്ക് വഴിതെളിക്കുന്നു.സമകാ-ലീന ഇന്ത്യൻ ജീവിതത്തിൽ മതാചാരങ്ങൾ നിലനിർത്താനുള്ള പ്രവണത നിരവധി പ്രശ്നങ്ങൾ സ്രഷ്ട്ടിച്ചിട്ടുണ്ട്.മതത്തിന്റെ
പേരിൽ നടത്തുന്ന തീവ്രവാദപ്രവർത്തനങ്ങളും കലാപവുമെല്ലാം ഇന്ത്യയുടെ ഐക്യത്തിന് ഭീഷണി ഉയർത്തിരിക്കുകയാണ്.

ഈ ഘട്ടത്തിൽ നാമോരോരുത്തരും ശപഥം ചെയ്യേ മതിയാകൂ. നമുക്കു വളർത്തേണ്ടത് മതത്തേയല്ല , മനുഷ്യത്തത്തെയാണ്.

# ചവറ്റുകൊട്ട വേണ്ട

**ഷാജി മാലിപ്പാറ**

"ഞാൻ ചെയ്യുംപോലെ നിങ്ങളും ചെയ്യാമോ?" മാഷ് കൈയിലിരുന്ന വെള്ളുത്ത പേപ്പർ ചുരുട്ടിക്കൂട്ടി. ഒരു നിമിഷം ശങ്കിച്ചുനിന്നിട്ട് കുട്ടികളും അങ്ങനെ ചെയ്തു. മാഷ് ചുരുട്ടിയ പേപ്പർ കാൽച്ചുവട്ടിലിട്ടു. കുട്ടികളും പേപ്പർ താഴെയിട്ടു.

"ഇനിയാരാ ഒരു ചവറ്റുകുട്ട കൊണ്ടുവരണത് ?"

നാലഞ്ചു പേർ ഒന്നിച്ച് ചാടിയെണീറ്റു. "അല്ലെങ്കിൽ വേണ്ട ". മാഷ് കുനിഞ്ഞ് പേപ്പർ കൈയ്യിലെടുത്തു . അതു മെല്ലെ വിടർത്തി. ചുളിവുകൾ നിവർത്താൻ തുടങ്ങി . കുട്ടികളും അതാവർത്തിച്ചു.

" ഈ പേപ്പർ എന്റെ ജീവിതമാ. ഇതു ഞാൻ ചവറ്റുകുട്ടയിൽ ഇടില്ല. നിങ്ങളോ?"

" ഞങ്ങളും ഇടില്ല." എല്ലാവരും കൈലിരുന്ന പേപ്പർ ചുളിവു നിവർത്തിയെടുത്തു.

"ഇതെന്തിനു കൊള്ളാം?"

"വേണമെങ്കിൽ ഇതിൽ എഴുതാം".

"ഇതുകൊണ്ട് എന്തെങ്കിലും ഉണ്ടാക്കാമോ?"

മാഷ് ഒരു പൂവുണ്ടാക്കി. കുട്ടികൾ കിളിയും വിമാനവും വിശറിയും വഞ്ചിയും തൊപ്പിയുമൊക്കെ ഉണ്ടാക്കി. അതെല്ലാം മേശപ്പുറത്ത് നിരത്തി വച്ചപ്പോൾ അഖില പറഞ്ഞു. "ചവറ്റുകൊട്ടയിൽ ഇടാത്തതു നന്നായി".

കടലാസിന്റെ കാര്യം പോലയാ നമ്മുടെ ജീവിതവും. അല്പം ചുളിങ്ങിയെന്നു കരുതി എറിഞ്ഞു കളയരുത് . വീണുപോയാൽ തിരിച്ചെടുത്ത് നിവർത്തിയെടുക്കണം. ഒരു പ്രളയത്തിൽ തീരാനുള്ളതല്ല ഒന്നും. മാഷ് ഒന്നു നിർത്തി.

"ശരിയാ,ഞങ്ങടെ വീടു മുഴുവൻ വെള്ളത്തി മുങ്ങി. എങ്കിലും ഞങ്ങളതു ശരിയാക്കും"-രാജേഷ് .

"എന്റെ സ്റ്റഡി ടേബിൾ നനഞ്ഞ് പൊളിഞ്ഞ് പോയി. നിലത്തുവച്ചെഴുതാൻ എനിക്കറിയാം"-സൈന

"നോട്ടുബുക്കെല്ലാം ഒഴുകിപ്പോയെങ്കിലും സാരമില്ല. ഞാൻ നോട്ടെല്ലാം ഇനിയും എഴുതിയെടുക്കും."-രാജിമോൾ.

"നഷ്ടപ്പെട്ടതൊക്കെ ഇനീം ഉണ്ടാക്കാമെന്നാ അച്ഛൻ പറയണത്"-ബാബു.

"കഞ്ഞിക്കലം വരെ ഒഴുകിപ്പോയി. എന്നാലും നമ്മളിനീം കഞ്ഞിവക്കുമെന്നാ അമ്മയുടെ ഉറപ്പ്"-ആവണി

"അതെ നിങ്ങൾ പറഞ്ഞതാ ശരി. എന്തെല്ലാം നഷ്ടം വന്നാലും നമ്മൾ ബാക്കിയില്ലേ? നമ്മുടെ കഴിവുകൾ ഇല്ലേ? ദൈവം നീട്ടിതന്ന ജീവിതം ഇല്ലേ? അതുവച്ച് പുതുപുത്തൻ അദ്ഭുതങ്ങൾ സൃഷ്ടിക്കാൻ നമുക്ക് കഴിയും, ഇല്ലേ?"

മാഷിന്റെ ചോദ്യത്തിനു മറുപടിയായി കുട്ടികൾ നിർമ്മിച്ച കടലാസുകളിപ്പാട്ടങ്ങൾ പുഞ്ചിരി പൊഴിച്ചു. ആ പുഞ്ചിരി കുട്ടികളുടെ മുഖത്തും വിരിഞ്ഞു.

# രണ്ടു കവിതകൾ

അനന്ദ്ര ഉല്ലാസ്

മിന്നു മുഡുക്കളും കുന്നും കുഴികളും
ആഴിയുമാകാശ വീഥിയുമക്കനും
സൗരയൂഥത്തിലെ മററു ഗ്രഹങ്ങളും
പൊങ്ങും തിരകളും സാഗര ഗർത്തവും
മിന്നലും വാരിദഗർജ്ജന നാദവും
തെന്നലും സന്ധ്യയും സുപ്രഭാതങ്ങളും
ചുറ്റിത്തിരിയുമി ഭൂഗോള മാർഗ്ഗവും
കത്തിയെരിയുമീ ഭാസ്കരബിംബവും
മാറ്റിപ്പുലർച്ചെ പുതിയൊരുലോകത്തെ-
ക്കാട്ടിത്തരാമെന്നുരയ്ക്കുന്ന ഭോഷരേ!
എന്തിന്നിവിടെ വിതുമ്പും തെരുവിന്റെ
കർണ്ണങ്ങൾ നിങ്ങൾ മുഖരമാക്കീടുന്നു
വേദനതിന്നു, മിഴിനീർ കുടിക്കുമീ
ഏഴകൾക്കാശ്വാസമേകില്ലതൊന്നുമേ...............!

2

പൂന്തെന്നൽ വന്നെൻെറ പൂവാടിയിൽ
ചന്തമായ് പൂക്കളെ തൊട്ടുണർത്തി
ബാലാർക്കശോണാം വീശി ഭൂവിൽ
ലോല നീഹാരം തുടച്ചുമാറ്റി
മഞ്ഞണി മാമലത്താഴ്വരയിൽ
കുഞ്ഞിക്കുരുവികാം പാട്ടുപാടീ
വെണ്മേഘപ്പാളികാം വാനിലേറെ-
ച്ചെമ്മരിയാടുകാം പോൽനിരന്നു
കൃഷ്ണ്പക്ഷാന്തരത്തിങ്കാം വാനിൽ
തീഷ്ണ്ത മങ്ങിച്ചരിച്ചിരുന്നു
എൻമലർ വാടിയിൽ പൂമരത്തിൽ
പൊൻവലയോടൊരു ലൂതവാണു
ചിത്രപതംഗങ്ങാം പൂവാടിയിൽ
നൃത്തമാടുന്നൂ മനോജ്ഞമായി
വെള്ളരിപ്രാവുകളെന്നരുകിൽ
പുള്ളിച്ചിറകും കുടഞ്ഞിറങ്ങി
മന്ദംചരിക്കും കപോതകത്തിൽ
സൗന്ദര്യമെൻെറ മനംകവർന്നു

# നിങ്ങൾക്ക് അറിയാമോ.........?

**സമ്പാദക : ഗോപിക രാജീവ്**

കംപ്യൂട്ടറുകളിലെ വിവരങ്ങൾ പകർത്തിയെടുത്ത് സൂക്ഷിക്കാനും മറ്റ് കംപ്യൂട്ടറിലേക്ക് കൈമാറാനും ഉപയോഗിക്കുന്ന പെൻഡ്രൈവുകൾ എന്ന് വ്യാപകമായി അറിയുന്ന ചെറിയ ഉപകരണങ്ങൾ (U S B Flash Drives) കൂട്ടുകാർക്ക് പരിചിതമാണല്ലോ അല്ലേ? കഴിഞ്ഞവർഷം കിങ്സ്റ്റൻ കമ്പനി പുറത്തിറക്കിയ പെൻഡ്രൈവിന്റെ സംഭരണശേഷി'2 ടിബി'ആണ്.വിലയോ?ഏതാണ്ട് ഒരു ലക്ഷം ഇന്ത്യൻ രൂപയ്ക്കു മുകളിൽ! അതായത്,അതേ സംഭരണശേഷിയുള്ള ആപ്പിൾ കമ്പനിയുടെ 'മാക്ബുക്ക് പ്രോ ലാപ്ടോപ്പി'ന്റെ വിലയേക്കാൾ അധികം.

ഫ്ലാഷ് ഡ്രൈവുകൾ വ്യാപകയായി ഉപയോഗിച്ചു തുടങ്ങിയിട്ട് അത്രയധികം കാലമൊന്നും ആയിട്ടില്ല.1990 കളുടെ ആരംഭത്തിൽവരെ ഉപയോഗിച്ചിരുന്ന ഫ്ലോപ്പി ഡിസ്കുകളുടെ സംഭരണശേഷി വെറും1.44 MB ആയരുന്നു.

സംഭരണശേഷി സൂചിപ്പിക്കുന്ന KB, MB,TB തുടങ്ങയവയെക്കുറിച്ച് മനസിലാക്കുവാൻ താഴെക്കാണുന്ന പട്ടിക സഹായിക്കും.

| | | |
|---|---|---|
| 8 ബിറ്റുകൾ | 1 ബൈറ്റ് | 1 B |
| 1000 ബൈറ്റ് | 1 കിലോബൈറ്റ് | 1 KB |
| 1000 കിലബൈറ്റ് | 1 മെഗാബൈറ്റ് | 1 MB |
| 1000 മെഗാബൈറ്റ് | 1 ജിഗാബൈറ്റ് | 1 GB |
| 1000 ജിഗാബൈറ്റ് | 1 ടെറാബൈറ്റ് | 1 TB |
| 1000 ടെറാബൈറ്റ് | 1 പെറ്റാബൈറ്റ് | 1 PB |
| 1000 പെറ്റാബൈറ്റ് | 1 എക്സാബൈറ്റ് | 1 E B |
| 1000 എക്സാബൈറ്റ് | 1 സെറ്റാബൈറ്റ് | 1 Z B |
| 1000 സെറ്റാബൈറ്റ് | 1 യോട്ടാബൈറ്റ് | 1 Y B |
| 1000 യോട്ടാബൈറ്റ് | 1 ബ്രോൺടാബൈറ്റ് | 1 B B |
| 1000 ബ്രോട്ടാബൈറ്റ് | 1 ജിയോപ്ബൈറ്റ് | 1 G P B |

ഇവയിൽ അവസാനത്തെ രണ്ടെണ്ണം , അഥവാ ബ്രോൺടോബൈറ്റും ജിയോപ്ബൈറ്റും ഔദ്യോഗികമായി ഇതുവരെ നാമകരണം ചെയ്യതായി അറിവില്ല കേട്ടോ. മാത്രമല്ല ഒരു G P B സംഭരണശേഷിയുള്ള ഫ്ലാഷ് ഡ്രൈവറുകൾ പുറത്തിറങ്ങുന്ന കാലത്ത്, ഇതു വായിക്കുന്ന ആരും ജീവനോടെ ഉണ്ടാകാനും സാധ്യത

യില്ലത്രേ!

അതുപോല തന്നെ , രാജ്യാന്തര യൂണിറ്റ് സിസ്റ്റം (SI system) 1000 ബൈറ്റുകളെ ഒരു കിലോബൈറ്റായി പരിഗണിക്കുമ്പോൾ (കിലോ എന്നാൽ 1000 ആണല്ലോ...) പരമ്പരാഗതമായി ഒരു കിലോബൈറ്റിനെ 1024 ($2^{10}$) ബൈറ്റുകളായാണ് സൂചിപ്പിച്ച് വരുന്നതെന്നും ഓർക്കണം.

# ഷെൽഫു നിറയെ സുഹൃത്തുക്കൾ



**ശ്രീമതി. ജീന സി. കണ്ടത്തിൽ – അദ്ധ്യാപിക**

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്നു പറഞ്ഞത് ആരാണ്? സോക്രട്ടീസോ, അരിസ്റ്റോട്ടിലോ? ആരാണെങ്കിലും തരക്കേടില്ല! പറഞ്ഞ ആളിൻെറ പ്രാമാണികത്വത്തിൻെറ പിൻബലമില്ലാതെ തന്നെ നില്ക്കുവാൻ കഴിയുന്ന ഒരു സത്യമാണത്. സാമൂഹ്യജീവി-യായ മനുഷ്യന് സാമൂഹ്യബന്ധങ്ങളിൽ പെടാതെ ജീവിക്കുവാൻ കഴിയുകയില്ല. സാമൂഹ്യബന്ധങ്ങളില്ലാത്ത മനുഷ്യൻ ഒന്നുകിൽ മൃഗമാണ്, അല്ലെങ്കിൽ ദൈവമാണ് എന്നു പറയുന്നത് അതുകൊണ്ടാണ്. മനുഷ്യന് പല തലങ്ങളിലും തരങ്ങളിലും പെട്ട സാമൂഹ്യബന്ധങ്ങളുണ്ട്. ഇവയിൽ ഏറ്റവും അനൗപചാരികമായിട്ടുള്ളത് സുഹൃത്ബന്ധമാണെന്നു പറയാം. ഔദ്യോഗികതയുടെ ഔപചാരികത്വമില്ലാത്ത ബന്ധം. അതിന് അതിൻേറതായ മാധുര്യവും ഊഷ്മളതയുമുണ്ട്. ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ടെന്നൊക്കെ പറയുമ്പോഴും വ്യക്തമാകുന്നത് സുഹൃത്തുക്കൾക്ക്, നമ്മുടെ ജീവിതത്തിലുള്ള സ്ഥാനം വലുതാ-ണ് എന്നതുതന്നെ. അതുകൊണ്ടുതന്നെ സുഹൃത്തുക്കൾ ഉത്തമന്മാരായിരിക്കണം. ശ്രീമാൻ ഉത്തമനല്ല, സാക്ഷാൽ ഉത്തമൻ. എങ്ങനെയാണ് സാക്ഷാൽ ഉത്തമന്മാരേ കണ്ടെത്തുന്നത്.
കാര്യം നിസ്സാരം എന്നു തോന്നാം, എന്നാൽ വിചാരിക്കും പോലെ അത്ര നിസ്സാരമല്ല അത്. ബഹുജനം പലവിധമല്ലേ. ചിലർ അന്തർമുഖർ, ചിലർ ബഹിർമുഖർ, ചിലർ അഴകായ വ്യക്തിത്വമുളളവർ, ചിലർ കുശുമ്പന്മാർ, കുന്നായ്മക്കാർ, ചിലരാകട്ടെ അറുബോറന്മാരും. ചങ്ങാത്തം ദുഷ്കരമാകുന്നത് ഇവിടെയാണ്.

ഇവിടെയാണ് നല്ല സുഹൃത്തുക്കൾക്കായി നാം ചുറ്റുപാടും പരതുന്നത്. നമുക്കു നല്ല സൗഹൃദം നല്കാൻ കഴിയുന്ന, നമുക്കെന്നും ആശ്രയിക്കാൻ കഴിയുന്ന സ്നേഹിതരുടെ ഒരു ലോകമുണ്ട്. അതാണ് പുസ്തകങ്ങളുടെ ലോകം. പുസ്തകങ്ങളോളം നല്ല സുഹൃത്തുക്കളില്ലെന്നാണ് പറയുന്നത്. പക്ഷേ, അവയെ സുഹൃത്തുക്കളാക്കാൻ നമുക്കു കഴിയണം. ഉദരപൂരണം ലക്ഷ്യമായി കരുതുന്നവർക്ക് പുസ്തകതാളുകൾ കടല പൊതിയാനുള്ള കടലാസ്സ് മാത്രമാകും. ജീവിതത്തെ സംബന്ധിച്ച് കുറച്ചു കൂടി ഉദാത്തമായ സങ്കല്പങ്ങൾ നെയ്യു കൂട്ടുവാൻ കഴിയുന്നവർക്കറിയാം, ഒരു സുഹൃത്തിനു നല്കുവാൻ കഴിയുന്ന മാനസികോല്ലാസം നല്കുവാൻ ഒരു നല്ല പുസ്തകത്തിനു കഴിയുമെന്ന്. പുസ്തക സുഹൃ-ത്തുക്കൾക്കുള്ള ഗുണം, ആ സൗഹൃദം ശരിയല്ലെന്ന് തോന്നിയാൽ

അപ്പോൾതന്നെ അവ അടച്ചുവയ്ക്കാം. പക്ഷേ, ഒരിക്കൽ നമ്മുടെ സുഹൃത്തായി മാറിയ ഒരാൾ അത്ര ശരിയല്ലെന്ന് തോന്നിയാലും അയാളെ ഒന്ന് ഒഴിവാക്കിയെടുക്കുക അത്ര എളുപ്പമല്ല. പുസ്തകങ്ങളുടെ ലോകത്ത് മെച്ചപ്പെട്ട സുഹൃത്തുക്കളെ കണ്ടെത്തുന്നതിന് കൂടുതൽ സൗകര്യമുണ്ട്.

മറ്റുള്ള ആളുകളിൽ സുഹൃത്തുക്കളെ അന്വേഷിക്കുമ്പോൾ സ്ഥലകാല സാഹചര്യങ്ങളുയർത്തുന്ന കടമ്പകൾക്കുള്ളിൽ നാം തളച്ചിടപ്പെടുന്നു. ഒരേ തൂവൽ പക്ഷികളാണല്ലോ ഒരുമിച്ച് പറക്കുന്നത്. നമ്മുടെ ചിന്താഗതികളോടും വൈകാരിക ഭാവങ്ങളോടും ഒത്തുപോകാൻ കഴിയുന്ന ആളുകൾ നമ്മുടെ ചുറ്റുപാടുകളിൽ കണ്ടെത്താൻ കഴിഞ്ഞെങ്കിലല്ലേ നമുക്ക് അവരോട് കൂട്ടുകൂടു-വാൻ കഴിയൂ. എനിക്ക് താല്പര്യമുള്ള വിഷയങ്ങൾ , ഞാനിഷ്ടപ്പെടുന്ന ശൈലിയിൽ എഴുതിയിരിക്കുന്നവ എത്ര വേണമെങ്കിലും ഉണ്ട് . അവ കഴിഞ്ഞ നൂറ്റാണ്ടിലോ , അതിനു മുമ്പോ എഴുതിയവ ആകാം. അമേരിക്കയിലോ, റഷ്യയിലോ എഴുതിയവ ആകാം. പക്ഷേ , ഇന്ന് ഇവിടെ അവയുമായി നമ്മുടെ ലൈബ്രറിയിലിരുന്ന് നമുക്ക് സംസാരിക്കാം . അവപകർന്നു നല്കുന്ന സൗഹൃദം അനുഭവിക്കാം.


ഓരോ പുസ്തകവും ഓരോ എഴുത്തുക്കാരൻെറ അത്മാവിഷ്കാരമാണ് . പുസ്തകം വായിക്കുമ്പോൾ നാം അതെഴുതിയ ആളിൻെറ മാനസിക , വൈകാരിക അനുഭവങ്ങൾ പങ്കുവയ്ക്കുകയാണ് ചെയ്യുന്നത് . ഒരു സുഹൃത്ത് സ്വാനുഭവങ്ങൾ നമ്മോടു പറയുമ്പോൾ നമുക്കുണ്ടാകുന്ന വൈകാരികോത്തേ- ജനമാണ് ഒരു പുസ്തകം വായിക്കുമ്പോൾ നമുക്ക് ഉണ്ടാകുന്നത്. ഈ നിലയിലാണ് പുസ്തകങ്ങൾ നമുക്ക് സുഹൃത്തുക്കളാകുന്നത്.

'വായിച്ചു വളരുക' എന്നുള്ളത് ഈ കാലഘട്ടം ഉയർത്തുന്ന ഏറ്റവും ശാന്തമായ മുദ്രാവാക്യമാണ്. വായിച്ചില്ലെങ്കിൽ നാം വളരുകയില്ല . നമ്മെ വളർത്തുന്ന സുഹൃത്താണ് ഏറ്റവും നല്ല സുഹൃത്ത് . വായനയോളം ചെലവു കുറഞ്ഞതും നിത്യഫലം ചെയ്യുന്നതുമായ വിനോദമില്ലെന്നാണ്ലേഡിമൊൺടേഗ് പറഞ്ഞിട്ടുള്ളത് . അവർ ഉദ്ദേശിക്കുന്ന നിത്യഫലം തീർച്ചയായും വായനയിലൂടെ നമുക്ക് ആർജിക്കുവാൻ കഴിയുന്ന വളർച്ചയാണ് . വളർച്ച ജീവിതലക്ഷണമാണ് , ജീവിതത്തിന്റെ ലക്ഷ്യവും . വളരുവാൻ വിസമ്മതിക്കുന്നവൻ ജീവിതത്തെ അർത്ഥശൂന്യമാക്കുന്നു . ബുക്കർ റ്റി. വാഷിംഗ്ടന്റെ ചെറുപ്രായത്തിൽ ഏറ്റവും വലിയ ആഗ്രഹം വായിക്കാൻ പഠിക്കുക എന്നതായിരുന്നു എന്ന് അദ്ദേഹം പറയുന്നുണ്ട് . അദ്ദേഹത്തിന് അക്ഷരം പഠിക്കുവാനും വായിച്ചു വളരാനും കഴിഞ്ഞില്ലെങ്കിൽ നാം അദ്ദേഹത്തപ്പറ്റി കേൾക്കുമായിരുന്നില്ല. ശരീരത്തിന്റെ വളർച്ചയ്ക്ക് ഭക്ഷണം ആവശ്യമായിരിക്കുന്നതുപോലെ മനസ്സിന്റെയും ഹൃദയത്തിന്റെയും വളർച്ചയ്ക്ക് ആശയങ്ങൾ ആവശ്യമാണ്.ഈ ആശയങ്ങൾ നമുക്ക് ലഭിക്കുന്നത് വായനയിൽനിന്നാണ് . നല്ല ആശയങ്ങൾ സ്വീകരിച്ചു വളരുന്ന മനസ്സ് നല്ല പുത്തൻആശയങ്ങൾ പുറപ്പെടുവിക്കുന്നു . You are what you read എന്ന് പറയുന്നത്ഇവിടെഅർത്ഥപൂർണ്ണമാകുന്നു.

അപ്പോൾ പുസ്തകങ്ങളുടെ ലോകത്തും സുഹൃത്തുക്കളെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു . ചീത്ത പുസ്തകങ്ങൾ വായിക്കുന്നവൻ വിഷമാണ് കഴിക്കുന്നതെന്ന് സിഡ്നി സ്മിത്തു പറയുമ്പോൾ , വായിക്കാൻ ആരംഭിച്ചു എന്ന കാരണത്താൽ ഒരു പുസതകവും വായിച്ചു തീർക്കരുത് എന്ന് വിതർഫൂൺ പറയുന്നു . കാര്യം പകൽപോലെ വ്യക്തം . നല്ലതേ വായിക്കാവു . നന്നല്ല എന്നു തോന്നിയാൽ ഏതു പുസ്തകവും മടക്കാനുള്ള ശക്തി നമുക്കുണ്ടാവണം . എങ്കിലേ നല്ല പുസ്തകസുഹൃത്താകാൻ നമുക്കു കഴിയൂ .

പലപ്പോഴും ഗൗരവം കുറഞ്ഞ വായനയാണ് നാമിഷ്ടപ്പെടുക . ഏതൊരു പുസ്തകവും വായിച്ചു തീർന്നാൽ വളർച്ചയ്ക്ക് ഉതകുന്നത് എന്തെങ്കിലും നമുക്ക് കിട്ടിയിരിക്കണം .ചിന്തയെയും സദാചാരബോധത്തെയും സംസ്ക്കരിക്കാനും ജീവിതചര്യകൾ ക്രമീകരിക്കുവാനും ഉദ്ദേശിച്ചല്ലാതെ എന്തെങ്കിലും വായിക്കുന്നത് ഉറങ്ങുന്നതിനു തുല്യമാണെന്ന് സ്റ്റർണി പറഞ്ഞത് നമ്മുക്ക് ഓർമ്മിക്കാം . നമ്മുടെ ഷെൽഫുകൾ നല്ല പുസ്തകങ്ങൾകൊണ്ടു നിറയ്ക്കാം . ഒരു ഷെൽഫു നിറയെ സുഹൃത്തുക്കൾ .

# അനാമിക



**സി.ശാന്തി റോസ് FSHA**
**T. T. C Trainee**

പതിവുപോലെ ആവർത്തിക്കപ്പെടുന്ന വിരസമായ , ഓഫിസിലേക്കുള്ള തന്റെ ബസ് യാത്രയിലായിരുന്നു അവൾ . മഴയുടെ വരവറിയിച്ചുകൊണ്ട് മൂടിക്കെട്ടി നിൽക്കുന്ന അവൾ മെല്ലെ പുറത്തേക്ക് നോക്കി. രാവിലെയും നിരത്ത് വളരെ സജീവമാണ്. ആളുകൾ തിരക്കിട്ട് നീങ്ങുന്നു. വാഹനങ്ങളുടെ നീണ്ട നിര തന്നെ വഴിയിൽ ദൃശ്യമാണ്. പുറത്തെ കാഴ്ചകളിലേക്ക് നോക്കിയിരിക്കവെ അവളുടെ ഉള്ളിൽ അനാമിയുടെ മുഖം തെളിഞ്ഞു.

* * * *

നാലുവർഷം മുൻപ് ഒരു ദിനം .അന്നാണ് അനാമികയെ ഹോസ്റ്റലിനു മുൻപിലെ നെടുനീളൻ വരാന്തയിൽ താൻ കണ്ടുമുട്ടിയത്. ഡിഗ്രി പഠനത്തിനുവേണ്ടി ഹോസ്റ്റലിലെത്തിയതായിരുന്നു അനാമിക . ഒരു കിലുക്കാം പെട്ടിയെപ്പോലെ ചിരിച്ചുകളിച്ച് ബഹളം വച്ച് അതായിരുന്നു അനാമിക . “ചേച്ചിയെനിക്ക് ഇഷ്ടമായീട്ടോ. ചേച്ചിയെന്ത് പാവാ ?” അനാമിക അങ്ങനെ പറഞ്ഞാണ് തന്നോട് മിണ്ടിത്തുടങ്ങിയത് . എന്തോ ആ വാക്കുകൾ തന്റെ ഹൃദയത്തെ സ്പർശിച്ചു . അല്ലെങ്കിലും അച്ഛനമ്മമാരുടെ ആത്മഹത്യാ മരണങ്ങൾക്കു ശേഷം പൊരുതി നേടിയ ജോലിയുമായി ഈ ഹോസ്റ്റൽ ജീവിതത്തിന് തുടക്കം കുറിച്ച തനിക്ക് ഓർക്കുവാൻ ഒരു നല്ല ഓർമ്മപോലും ജീവിതം കരുതി വച്ചിരുന്നില്ലല്ലോ?

* * * *

പുറത്ത് നല്ല മഴ പെയ്യാൻ തുടങ്ങിയിരുന്നു. ജനലിലൂടെ വീശുന്ന ഈറൻ കാറ്റിൽ മഴത്തുള്ളികൾ അവളുടെ വസ്ത്രത്തിൽ ജലചിത്രങ്ങൾ വരച്ച് തുടങ്ങിയിരുന്നു . ബസിലിരുന്ന് , ഓർമ്മകളുടെ പെരുമഴയിൽ അവളും നനഞ്ഞ് കുതിർന്ന് തുടങ്ങിയിരുന്നു.

ഒരിക്കൽ അനാമിക തന്നോട് ചോദിച്ചു “ചേച്ചിയെ ഞാൻ ഇച്ചേച്ചീന്ന് വിളിച്ചോട്ടെ?അനാമിക അങ്ങനെയായിരുന്നു. സ്നേഹിക്കുന്നവരുടെ അടുത്ത് സർവ്വ സ്വാതന്ത്ര്യവും കാണിച്ചുകളയും. എന്തോ ആ ചോദ്യത്തിന് മറുത്തൊരു മറുപടി പറയാൻ തനിക്കന്ന് സാധിച്ചില്ല. വിളിച്ചോളൂ എന്നായിരുന്നു തന്റെ മറുപടി . പിന്നിടെന്നോ ഒരിക്കലവൾ ചോദിച്ചു “ഞാൻ ഇച്ചേച്ചിയെ അമ്മേന്ന് വിളിച്ചോട്ടെ?”

മറുപടി പറയുന്നതിന് പകരം അവളെ നെഞ്ചോട് ചേർക്കാനേ തനിക്കന്നായുള്ളൂ. നിറഞ്ഞ് തുവുന്ന അവളുടെ മിഴികളിൽ ഒരായിരം മൗനനൊമ്പരങ്ങൾ അന്നാദ്യമായി കാണുകയായിരുന്നു. അപ്പനമമ്മയും വിദേശത്ത് പണം സമ്പാദിക്കുന്ന തിരക്കിൽ . പണമല്ല അൽപം സ്നേഹമാണ് തങ്ങളുടെ മകൾക്ക് വേണ്ടതെന്ന് അവരറിഞ്ഞിരുന്നെങ്കിൽ...... പിന്നീടങ്ങോട്ട് സ്നേഹിച്ചും സഹായിച്ചും ഉപദേശിച്ചും ശകാരിച്ച-മൊക്കെ അവൾക്ക് താനെല്ലാമായി മാറുകയായിരുന്നു . അവളുടെ കുസൃതികളിൽ , കളിചിരികളിൽ ,പിണക്കങ്ങളിൽ , പരിഭവങ്ങളിൽ താനും പണ്ടെന്നോ നഷ്ടമായതൊക്കെ വീണ്ടെടുക്കുകയായിരുന്നു ?

* * * *

ഒടുവിൽ മൂന്നു വർഷത്തെ കലാലയ ജീവിതത്തിന് ശേഷം അനാമിക തന്നോടും ഈ ഹോസ്റ്റലിനോടും വിടപറയുന്ന ദിവസം . കണ്ടുമുട്ടലുകളെപ്പോലെ വേർപിരിയലുകളും ജീവിതത്തിന്റെ അനിവാര്യതയാണെന്നറിയാമായിരുന്നെങ്കിലുംഅതംഗീകരിക്കാൻ മനസ്സുകൊണ്ട് സാധിച്ചിരുന്നില്ല . അന്ന് അനാമികയെ ബസ് കയറ്റി വിട്ട് തിരിച്ച് ഹോസ്റ്റലിൽ കയറിയപ്പോൾ മുറ്റത്തെ വലിയ വാകമരച്ചുവട്ടിലപ്പോഴും വാടിയ മഞ്ഞപ്പൂവുകൾ കൊഴിഞ്ഞു വീണുകൊണ്ടേയിരുന്നു.......എന്തോ ആ പൂക്കളിലേക്ക് നോക്കവേ ബസിലിരുന്ന് തന്നെ നോക്കി കൈവീശി അകന്നകന്നുപോയ അനാമികയുടെ വിതുമ്പുന്ന മുഖമാണ് ഓർമ്മ വന്നത് .

പിന്നീട് തന്നെത്തേടി വന്നിരുന്ന അനാമികയുടെ ഫോൺവിളികൾ ,'ഇച്ചേച്ചീ'ന്നുള്ള വിളി ,പിണക്കങ്ങൾ , പരാതികൾ അതിലൂടെയെല്ലാം തങ്ങൾ അടുത്തു തന്നെയായിരുന്നു .

* * * *

